| | പത്രക്കുറിപ്പ് | 2017<br>ജൂലൈ<br>10<br>തിങ്കൾ |
|---|---|---|

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് – കേരള സർക്കാർ, www.prd.kerala.gov.in

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോഴിക്കോട് 0495 2370225, dio.prd@gmail.com


## വ്യവസായ വളർച്ചയ്ക്ക് പശ്ചാത്തല സൗകര്യ വികസനം ഉറപ്പാക്കും- മന്ത്രി എ.സി. മൊയ്തീൻ

കേരളത്തിന്റെ വ്യവസായ- വാണിജ്യ വളർച്ചയ്ക്ക് പശ്ചാത്തല സൗകര്യ വികസനം ഉറപ്പാക്കാൻ സർക്കാർ നടപടികൾ ഊർജിതപ്പെടുത്തുമെന്ന് വ്യവസായ വകുപ്പു മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. സംസ്ഥാനത്തിന്റെ പുതിയ വ്യവസായ- വാണിജ്യ നയ രൂപവതക്കരണവുമായി ബന്ധപ്പെട്ട് കോഴിക്കോട് ഹൈസൺ ഹെറിറ്റേജിൽ വ്യവസായ- വാണിജ്യ പ്രമുഖരുമായി നടത്തിയ മുഖാമുഖത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. കരട് വ്യവസായ- വാണിജ്യ നയത്തിന്മേലുള്ള വ്യാപാരി- വ്യവസായി സമൂഹത്തിന്റെ അഭിപ്രായങ്ങളും നിർദേശങ്ങളും മന്ത്രിയും ഉദ്യോഗസ്ഥരും നേരിൽ കേട്ടു.

സംസ്ഥാനം വ്യവസായ സൗഹൃദമാകുന്നതിന് പശ്ചാത്തല സൗകര്യ വികസനം അനിവാര്യമാണെന്നതിൽ തർക്കമില്ല. ദേശീയപാത സമയ ബന്ധിതമായി പൂർത്തിയാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തീരദേശ- മലയോര പാതകളുടെ നിർമാണം തുടങ്ങാൻ നടപടികളായി. ജലപാതയുടെ ആദ്യഘട്ടം കോവളം മുതൽ കൊല്ലം വരെ ഒരു വർഷത്തിനകം ആരംഭിക്കാനാകും. കോഴിക്കോട് വിമാനത്താവള വികസനത്തിനുള്ള സ്ഥലം ഉടൻ ഏറ്റെടുക്കാനാവുമെന്നാണ് പ്രതീക്ഷ. മുഖ്യമന്ത്രി തന്നെ നേരിട്ട് ഇത് നിരീക്ഷിക്കുന്നു. ഗെയ്ൽ പ്രകൃതി വാതക പൈപ്പ്ലൈനുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും സ്ഥലമെടുപ്പും 99 ശതമാനവും തീർന്നിട്ടുണ്ട്. പവർ പർച്ചേസ് എഗ്രിമെന്റ് കാരണം ഊർജ മേഖലയിലും ഇപ്പോൾ വലിയ പ്രശ്നമില്ല. രൂക്ഷമായ വരൾച്ചാ കാലത്തും വലിയ ഊർജ പ്രതിസന്ധിയില്ലാതെ സംസ്ഥാനം കടന്നു പോയി. ഇതെല്ലാം വ്യവസായികൾ പ്രയോജനപ്പെടുത്തി കേരളത്തിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടണമെന്ന് മന്ത്രി അഭ്യർഥിച്ചു.

വ്യവസായികൾ ഉന്നയിച്ച പ്രശ്നങ്ങൾ ഗൗരവമായി സർക്കാർ പരിഗണിക്കുമെന്ന് മന്ത്രി അറിയിച്ചു. ഭൂമിയുടെ ലീസുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും വാണിജ്യ നയത്തിന് കരടിൽ പ്രാധാന്യം പോരെന്ന പരാതിയും പരിശോധിക്കും. വാണിജ്യ മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകും. ലൈസൻസ്- സാങ്കേതിക കാര്യങ്ങളുടെ ഏകോപനത്തിനുള്ള

ജില്ലാതല കമ്മിറ്റി ഫലപ്രദമാക്കുന്നതിന് പ്രായോഗിക നടപടികളെടുക്കും. ലൈസൻസ് നടപടികൾ ഉദാരമാക്കുന്നതിനു മേഖലാടിസ്ഥാനത്തിൽ ഐ.എ.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിക്കുകയെന്ന നിർദേശം സർക്കാർ ചർച്ച ചെയ്യും. അതേ സമയം വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിന് പഞ്ചായത്ത്- നഗരസഭാ നിയമം ഉൾപ്പെടെ ബന്ധപ്പെട്ട 10-15 ചട്ടങ്ങളിൽ തന്നെ ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചതായി മന്ത്രി വെളിപ്പെടുത്തി. ഏകജാലക സംവിധാനം ശക്തിപ്പെടുത്താൻ നിയമ പരിരക്ഷ ഉൾപ്പെടെ ഇതിന്റെ ഭാഗമായി വരും.

സ്ഥല ലഭ്യത സങ്കീർണമായ പ്രശ്നമാണെങ്കിലും മലബാറിൽ വ്യവസായ വികസനത്തിന് കൂടുതൽ ഭൂമി ഏറ്റെടുക്കുമെന്ന് മന്ത്രി അറിയിച്ചു. സ്വകാര്യ പാർക്കുകളുമായി ബന്ധപ്പെട്ട ഭൂമി സംബന്ധമായ പ്രശ്നങ്ങൾ ലഘൂകരിക്കും. സംരംഭങ്ങൾ കുടുംബങ്ങളിൽ തുടങ്ങാൻ കഴിയുംവിധം കേരളത്തിന്റെ വ്യവസായ നയത്തിന് അന്തിമരൂപം നൽകുമെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ വി.കെ.സി. മമ്മദ് കോയ എം.എൽ.എ., കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ എം.ഡി. ഡോ.എം. ബീന, വ്യവസായ വകുപ്പ് സെക്രട്ടറി സഞ്ജയ് എം. കൗൾ, ഡയറക്ടർ കെ.എൻ. സതീഷ്, കിൻഫ്ര എം. ഡി. കെ.എ. സന്തോഷ്കുമാർ, വ്യവസായ- വാണിജ്യ മേഖലയിലെ പ്രമുഖർ തുടങ്ങിയവർ സംസാരിച്ചു.

സംസ്ഥാനത്തെ നാല് മേഖലകളായി തിരിച്ചാണ് വ്യവസായ നയരൂപീകരണവുമായി ബന്ധപ്പെട്ട് വ്യവസായ- വാണിജ്യ വകുപ്പ് മുഖാമുഖം സംഘടിപ്പിക്കുന്നത്. വടക്കൻ മേഖലയ്ക്കായുള്ള ആദ്യ യോഗമാണ് ഇന്നലെ കോഴിക്കോട് നടന്നത്. തുടർന്ന് തൃശൂർ, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലും മുഖാമുഖം സംഘടിപ്പിക്കുമെന്നും പരമ്പരാഗത വ്യവസായ പ്രതിനിധികളുമായും രാഷ്ട്രീയ പാർട്ടി നേതാക്കളുമായും ചർച്ച നടത്തുമെന്നും മന്ത്രി അറിയിച്ചു. കരടു നയത്തിന്മേലുള്ള അഭിപ്രായം രേഖപ്പെടുത്തുന്നതിന് വ്യവസായ വകുപ്പിന്റെ വെബ്സൈറ്റിലും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ കരട് സമ്പുഷ്ടമാക്കി കുറ്റമറ്റ വ്യവസായ- വാണിജ്യ നയം പുറത്തിറക്കുമെന്ന് മന്ത്രി അറിയിച്ചു.

## <u>കരട് വ്യവസായ- വാണിജ്യ നയം</u>

## വ്യവസായ വളർച്ചയിലൂടെ സമഗ്ര സാമ്പത്തിക പുരോഗതി ലക്ഷ്യം

പരിസ്ഥിതി സൗഹൃദരീതിയിൽ ശക്തമായ നിക്ഷേപ സൗഹൃമാക്കിയും വാണിജ്യ ഗംഗത്ത് കുതിച്ചു ചാട്ടം നടത്തിയും രാജ്യത്തെ ആദ്യ 10 സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ ഉയർത്തുകയും വ്യവസായ വളർച്ചയിലൂടെ ജനങ്ങളെ ഊർജ്ജസ്വലരാക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്ത് കേരളത്തിന്റെ സമഗ്ര സാമ്പത്തിക പുരോഗതി ലക്ഷ്യം വെക്കുന്നതാണ് സർക്കാറിന്റെ കരട് വ്യവസായ- വാണിജ്യ നയം. തൊഴിലവസരങ്ങളും ഉത്പാദനവും വർധിപ്പിക്കണമെന്നും രണ്ട് വർഷത്തിനുള്ളിൽ 10 ശതമാനം വളർച്ചാ നിരക്ക് കൈവരിക്കണമെങ്കിൽ വ്യവസായ മേഖലയിൽ ഗണ്യമായ മാറ്റം സൃഷ്ടിക്കപ്പെടേണ്ടതുണ്ടെന്നും കരട് നയം വ്യവസായികൾക്ക് വിശദീ

കരിച്ച് സംസാരിച്ച കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ എം.ഡി. ഡോ.എം. ബീന പറഞ്ഞു.

ന്യായമായ വേതനം ലഭിക്കുന്ന തൊഴിലവസരങ്ങൾ വൻ തോതിൽ സൃഷ്ടിച്ച് സാമൂഹ്യ പ്രതിബദ്ധതയ്ക്ക് ഊന്നൽ നൽകി സുഗമമായ രീതിയിൽ വ്യവസായം നടത്തുകയും അതിലൂടെ സമഗ്ര സാമ്പത്തിക പുരോഗതി കൈവരിക്കുകയും വേണമെന്നതാണ് കരട്നയത്തിന്റെ വീക്ഷണം. സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള റെഗുലേറ്ററി നടപടിക്രമങ്ങൾ ലഘൂകരിക്കും. സമയബന്ധിതമായി അംഗീകാരവും ക്ലിയറൻസു ഉറപ്പാക്കും. ഗ്രാമീണ മേഖലയിൽ സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കും. പ്രാദേശിക വിഭവങ്ങൾക്ക് ഉയർന്ന വിലനിലവാരം ഉറപ്പാക്കും. യുവ, വനിതാ സംരംഭകർ, പ്രവാസികൾ, വിമുക്ത ഭടന്മാർ എന്നിവരെ പ്രോത്സാഹിപ്പിക്കും. വ്യവസായിക മേഖലയിൽ കൂടുതൽ ദേശീയ- അന്തർദേശീയ നിക്ഷേപങ്ങൾ ഉറപ്പ് വരുത്തും. ഭൂമി ഏറ്റെടുക്കൽ, സമാഹാരണം, സ്വകാര്യ വ്യവസായ പാർക്കുകൾ/എസ്റ്റേറ്റുകൾ എന്നിവ വഴി ആവശ്യമായ ഭൂമി ഉറപ്പു വരുത്തും. സേവനങ്ങൾ, വാണിജ്യ സെക്ടറുകൾ എന്നിവ ശക്തിപ്പെടുത്തും. പരമ്പരാഗത രീതിയിലുള്ള ഉത്പാദനത്തിൽ നിൽക്കുന്നവർക്ക് മാന്യമായ കൂലി, തൊഴിൽ വരുമാനം എന്നിവ ഉറപ്പാക്കും.

ബന്ധപ്പെട്ട വകുപ്പുകളുടെയും എജൻസികളുടെയും പ്രവർത്തനം നിരീക്ഷിക്കുന്നതിനും ഭേദഗതികൾ നിർദേശിക്കുന്നതിനും ഇടപെടലുകൾ നടത്തുന്നതിനും അധികാരങ്ങളോടു കൂടിയ എംപവേർഡ് കമ്മിറ്റി രൂപീകരിക്കും. അഴിമതിയും കെടുകാര്യസ്ഥതയും തുടച്ചുനീക്കി സുതാര്യതയുടെയും കാര്യക്ഷമതയുടെയും അടിസ്ഥാന ശിലകളിലുറപ്പിച്ച് മുന്നോട്ടു പോകുന്നതാവും കേരള വ്യവസായ വാണിജ്യ നയം.

എൻ.ആർ.ഐക്കാർ വിദേശത്തു നിന്നും വരുമ്പോൾ അവർക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനും അവരുടെ പുനരധിവാസം, പരിശീലനം എന്നിവക്ക് വേണ്ട എല്ലാ സഹായങ്ങളും നൽകും. കൂടാതെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ അഞ്ച് ശദമാനം സംവരണം ഇവർക്ക് നൽകുകയും ചെയ്യുമെന്നും കരട് നയം പറയുന്നു.

## ഗുണനിലവാരം ഉയർത്താൻ രണ്ടാം
## വിദ്യാഭ്യാസ വിപ്ലവം ഉണ്ടാകണം- സ്പീക്കർ

സൗകര്യങ്ങളും അവസരങ്ങളും വർധിച്ചുവെങ്കിലും വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനായി കേരളത്തിൽ രണ്ടാം വിദ്യാഭ്യാസ വിപ്ലവം ഉണ്ടാകേണ്ടതുണ്ടെന്ന് നിയമസഭാ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ പറഞ്ഞു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന വിജയോത്സവം(2017-18) പദ്ധതി ഉദ്ഘാടനവും എസ്.എസ്.എൽ.സിയ്ക്ക് മികച്ച വിജയം കൈവരിച്ച സ്കൂളുകൾക്കുള്ള അവാർഡ് വിതരണവും നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസരംഗം അവിശ്വസനീയമായ മാറ്റങ്ങളിലൂടെ കടന്നുപോകുന്ന കാലഘട്ടമാണിത്. വിദ്യാഭ്യാസം ഓരോ നിമിഷവും കാലഹരണപ്പെടുകയാണ്. വിവരങ്ങൾ ലഭിക്കാൻ അധ്യാപകരേയും പുസ്തകങ്ങളേയും ആശ്രയിക്കേണ്ടിയിരുന്ന കാലഘട്ടം മാറി. വിദ്യാർഥികൾക്ക് ലഭ്യമാകുന്ന വിവരങ്ങൾ വിജ്ഞാനമാക്കി മാറ്റുന്ന തരത്തിലേക്ക് വിദ്യാഭ്യാസം മാറണമെന്നും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ നാൽപത് വർഷത്തിനിടയിൽ വിരലിലെണ്ണാവുന്ന കണ്ടുപിടുത്തങ്ങൾ മാത്രമാണ് സംസ്ഥാനത്ത് ഉണ്ടായത്. കണ്ടുപിടുത്തങ്ങളുടെ ചാമ്പ്യന്മാരായി അമേരിക്ക തുടരുകയാണ്. കണ്ടുപിടുത്തങ്ങളുടേയും അറിവിന്റേയും നിർവഹണത്തിലേക്കുള്ള മാറ്റമാണ് ആവശ്യം. ഒട്ടേറെ നല്ല അവസരങ്ങൾ ഓരോ വിദ്യാർഥിയ്ക്ക് മുന്നിലും ഉണ്ട്. അവയുടെ ശരിയായ ഉപയോഗമാണ് വെല്ലുവിളി. നിലവിലെ വിദ്യാഭ്യാസ രീതിയിൽ കാര്യക്ഷമമായ മാറ്റം വേണമെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശ്ശേരി അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ യു.വി. ജോസ് മുഖ്യപ്രഭാഷണം നടത്തി. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഗിരീഷ് ചോലയിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് റീന മുണ്ടേങ്ങാട്ട്, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ പി.ജി. ജോർജ് മാസ്റ്റർ, പി.കെ. സജിത, സുജാത മനക്കൽ, എ.കെ. ബാലൻ, അഹമ്മദ് പുന്നക്കൽ വി.ഡി. ജോസഫ്, ടി.കെ. രാജൻ, എ.ടി. ശ്രീധരൻ, ഡയറ്റ് പ്രിൻസിപ്പൽ പ്രഭാകരൻ മാസ്റ്റർ എന്നിവർ സംസാരിച്ചു. മുക്കം മുഹമ്മദ് സ്വാഗതവും ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.ഡി. ഫിലിപ്പ് നന്ദിയും പറഞ്ഞു.

## ലോകജനസംഖ്യ ദിനം സംസ്ഥാനതല ഉദ്ഘാടനം ഇന്ന്

ലോകജനസംഖ്യ ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (ജൂലൈ 11) രാവിലെ 11 ന് പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ആരോഗ്യ സാമൂഹ്യ നീതി ആയുഷ് വകുപ്പ് മന്ത്രി കെ.കെ. ഷൈലജ ടീച്ചർ ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്തു പ്രസിഡന്റ് ബാബു പറശ്ശേരി അധ്യക്ഷത വഹിക്കും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.സി. സതി, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.എം. റീന, മറ്റു ജനപ്രതിനിധികൾ, രാഷ്ട്രീയ സാമൂഹ്യ സന്നദ്ധ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ, ആശാ കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, പൊതു ജനങ്ങൾ എന്നിവർ പങ്കെടുക്കും. 'പുതിയ പ്രവണതകൾ, പുതിയ പ്രതീക്ഷകൾ, ഉത്തരവാദിത്ത്വത്തോടു കൂടി കുടുംബാസൂത്രണം നടത്തൂ' എന്നതാണ് ഈ വർഷത്തെ ജനസംഖ്യദിനത്തിന്റെ സന്ദേശം. പരിപാടിയുടെ ഭാഗമായി ബോധവൽക്കരണ സെമിനാർ, സിഗ്നേച്ചർ ക്യാമ്പയിൽ, സി.കെ.ജി കോളേജിലെ വിദ്യാർത്ഥികൾക്കായി പോസ്റ്റർ തയ്യാറാക്കൽ മത്സരം, ആരോഗ്യ പ്രദർശനം എന്നിവയും സംഘടിപ്പിക്കുന്നുണ്ട്.

## കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ വിവിധ പദ്ധതിയുടെ ഉദ്ഘാടനം ഇന്ന്

കുറ്റ്യാടി ഗവ.താലൂക്ക് ആശുപത്രിയിലെ വിവിധ പദ്ധതിയുടെ ഉദ്ഘാടനം ആരോഗ്യവകുപ്പ് മന്ത്രി കെ.കെ.ഷൈലജ ഇന്ന് (ജൂലൈ 11) ഉച്ചയ്ക്ക് 12 ന് നിർവഹിക്കും. കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഇടപെടലിനെ തുടർന്ന് നടപ്പാക്കിയ

ഡിജിറ്റൽ എക്സ്റേ, ആർത്രോസ്കോപ്പി, എൻഡോസ്കോപ്പി, വാർഡുകളിൽ മ്യൂസിക് സിസ്റ്റം തുടങ്ങിയ പദ്ധതിയുടെ ഉദ്ഘാടനമാണ് മന്ത്രി നിർവഹിക്കുന്നത്.

## പത്താംതരം തുല്യത കോഴ്സ്: അപേക്ഷ ക്ഷണിച്ചു

സാക്ഷരതാ മിഷനും പൊതു വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടത്തുന്ന പത്താം തരം തുല്യതാ കോഴ്സ് പന്ത്രണ്ടാം ബാച്ചിലേക്ക് ജൂലൈ 20 വരെ രജിസ്റ്റർ ചെയ്യാം. പത്ത് മാസത്തെ കോഴ്സിൽ ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഗണിതം ജനറൽ സയൻസ്, സാമൂഹ്യപാഠം, ഇൻഫർമേഷൻ ടെക്നോളജി എന്നീ വിഷയങ്ങൾ ഉണ്ടാവും. തെരഞ്ഞെടുക്കപ്പെട്ട ഹൈസ്കൂളുകളിൽ ഞായർ, രണ്ടാംശനി, മറ്റ് അവധി ദിവസങ്ങളിൽ സമ്പർക്ക പഠനക്ലാസ്സുകൾ നടത്തും. ഉന്നത പഠനം, പി.എസ്.സി അപേക്ഷ, പ്രമോഷൻ, വിദേശ ജോലി തുടങ്ങിയവയ്ക്ക് ഉപയോഗിക്കാവുന്ന എസ്.എസ്.എൽ.സി ക്ക് തുല്യമായ സർട്ടിഫിക്കറ്റ് കോഴ്സ് വിജയിച്ചാൽ ലഭിക്കും. കോഴ്സ് ഫീസ് 1700 രൂപ. അപേക്ഷ ഫോറം വില 100 രൂപ. തുക എസ്.ബി.ഐയിൽ ചെലാനായി അടക്കാം. പട്ടികവർഗക്കാർക്ക് കോഴ്സ് ഫീസ് ഇല്ല. അപേക്ഷ ഫോം www.literacymissionkerala.org ൽ ലഭിക്കും. ഫോൺ 0495-2370053.

## ഹജ്ജ് തീർഥാടകർക്ക് പ്രതിരോധ കുത്തിവെപ്പ്

ജില്ലയിൽ നിന്നും ഈ വർഷം സർക്കാർ കോട്ടയിൽ ഹജ്ജ് തീർഥാനടത്തിനു പോകുന്നവർക്കായുള്ള പ്രതിരോധ കുത്തിവെപ്പ് ജൂലൈ 13 ന് നൽകും. ഗവ.ബീച്ച് ആശുപത്രി, വടകര ജില്ലാ ആശുപത്രി, കൊയിലാണ്ടി താലൂക്ക് ആശുപത്രി, താമരശ്ശേരി താലൂക്ക് ആശുപത്രി എന്നിവടങ്ങളിൽ രാവിലെ ഒൻപത് മുതൽ ഉച്ചക്ക് ഒരു മണിവരെ കുത്തിവെപ്പ് നടത്തും. ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരാവണം.

## ആരോഗ്യ ഉപകേന്ദ്ര ഉദ്ഘാടനം ഇന്ന്

തിരുവങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിനു കീഴിലെ കൊല്ലം സെക്ഷന് കീഴി ലുള്ള പുളിഞ്ചേരി ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രം ഉദ്ഘാടനം ഇന്ന് വൈകിട്ട് മൂന്നിന് ആരോഗ്യ മന്ത്രി കെ.കെ. ഷൈലജ ടീച്ചർ നിർവഹിക്കും.

## മൂടാടി ഗവ.ആയുർവേദ ആശുപത്രി കെട്ടിട ശിലാസ്ഥാപനം ഇന്ന്

ഇന്ന് (ജൂലൈ 11) വൈകീട്ട് നാലിന് ആരോഗ്യമന്ത്രി കെ.കെ ഷൈലജ ടീച്ചർ നിർവഹിക്കും. മുചുകുന്നിലെ ആയുർവേദ ആശുപത്രിക്ക് സ്വന്തമായ കെട്ടിടം നിർമിക്കുന്നതിന് കെ ദാസൻ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 28 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പരിപാടിയിൽ കെ ദാസൻ എം.എൽ.എ. അധ്യക്ഷത വഹിക്കും.

## ദർഘാസ് ക്ഷണിച്ചു

കോഴിക്കോട് സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ സാമൂഹികനീതി ഓഫീസിന്റെ ആവശ്യങ്ങൾക്കായി 2017-18 ൽ എ.സി കാർ വാടകയ്ക്ക് നൽകുന്നതിന് താൽപ്പര്യമുള്ളവരിൽ നിന്നു ടെണ്ടർ ക്ഷണിച്ചു. വാഹന വാടക മാത്രമേ നൽകൂ. അഞ്ച് വർഷത്തിലധികം കാലപഴക്കം ഉള്ളവയാകരുത്. ടാക്സി പെർമിറ്റ് വേണം. അവസാന തീയതി ജൂലൈ 21 മൂന്ന് മണി. ഫോൺ: 0495-2371911.

## വാഹന ലേലം

കോഴിക്കോട് ജില്ലാ സാമൂഹികനീതി ഓഫീസിലെ 1996 മോഡൽ KL- 01-J-1180 ടെംപോ ട്രാക്സ് വാഹനം ജൂലൈ **27 ന് രാവിലെ 11** ന് സിവിൽ സ്റ്റേഷനിലുള്ള ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ലേലം ചെയ്യും. ഫോൺ-0495-2371911.

## നിഷിന്റെ ഓൺലൈൻ സെമിനാർ 15 ന്

''അപസ്മാരമുള്ള കുട്ടികളിലെ സംസാര ഭാഷാ വൈകല്യം''എന്ന വിഷയത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (നിഷ്) ഓൺലൈൻ ബോധവൽക്കരണ സെമിനാർ ജൂലായ് 15 ന് രാവിലെ 10.30 ന് കോഴിക്കോട് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസിൽ നടത്തും. ഓൺലൈനിലൂടെ വിദഗ്ദരുമായി സംശയ നിവാരണത്തിന് അവസരം ലഭിക്കും. ഫോൺ നമ്പർ: 0495 2378920.

## റേഷൻ കാർഡ് വിതരണം

കോഴിക്കോട് താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലുള്ള റേഷൻ കടകളിൽ ഇന്നും (ജൂലൈ 11ന് ) നാളെയും (ജൂലൈ 12) റേഷൻ കാർഡ് രാവിലെ 9.30 മുതൽ വൈകീട്ട് അഞ്ച് വരെ വിതരണം ചെയ്യും. കാർഡ് ഉടമയോ, കാർഡിൽ ഉൾപ്പെട്ട ഏതെങ്കിലും അംഗമോ തിരിച്ചറിയൽ രേഖയും പഴയ റേഷൻകാർഡ് സഹിതം പുതിയ കാർഡ് കൈപ്പറ്റണം. റേഷൻ കാർഡിന്റെ വില - പൊതുവിഭാഗം 100 രൂപ, മുൻഗണനാ വിഭാഗം 50 രൂപ. തീയതി, റേഷൻ കട നമ്പർ, വിതരണ സ്ഥലം എന്ന ക്രമത്തിൽ ചുവടെ.

ജൂലൈ 11 ന് 329- മർക്കസ്, 346 -ചേരിഞ്ചാൽ, 379- വെസ്റ്റ് പൈങ്ങോട്ടുപുറം, 318-കുരിക്കത്തൂർ, 366-വരട്ട്യാക്ക്, 277-പന്തീർ പാടം 10-ാം മൈൽ, 321-പിലാശ്ശേരി, 81-പതിമംഗലം 11-ാം മൈൽ, 356-മല്ലിശ്ശേരി താഴം. ജൂലൈ 12 ന് 118-കല്ലുരുട്ടി, 122-പൂളപ്പൊയിൽ, 125-ആലിൻതറ, 114-മലയമ്മ സ്കൂൾ പരിസരം, 312-പൂള്ളന്നൂർ, 341-ഈസ്റ്റ് മലയമ്മ, 265-ചിറക്കാംകുന്ന്, 83-പറമ്പിൽ ബസാർ, 327 -ചെറുവറ്റ.

## ആയുർവേദ കർക്കിടക ചികിത്സ

സംസ്ഥാന പട്ടികജാതി, വർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ കീഴിലുള്ള തിരുവനന്തപുരം, തൃശ്ശൂർ പഞ്ചകർമ്മ സെന്ററുകളിൽ ആയുർവ്വേദ കർക്കിടക ചികിത്സ ഉടൻ ആരംഭിക്കും. രണ്ട് സെന്ററുകളിലും 11 ഔഷധ ചൂർണ്ണങ്ങൾ അടങ്ങിയ കർക്കിടക

കഞ്ഞിക്കൂട്ടും ലഭ്യമാണ്. കർക്കിടക, മൺസൂൺ ചികിത്സയ്ക്ക് മുൻകൂർ ബുക്ക് ചെയ്യുന്നതിന് രജിസ്ട്രേഷൻ തുടങ്ങി. ഫോൺ: 0487-2354851, 24351693 (തൃശ്ശൂർ), 0471-2430644 (തിരുവനന്തപുരം).

## അപേക്ഷ ക്ഷണിച്ചു

ഭിന്നശേഷിക്കാരായ വനിതകൾക്കായി ഷെൽട്ടേർഡ് വർക്ക്ഷോപ്പ് ആരംഭിക്കുന്നതിന് അംഗീകൃത എൻ.ജി.ഒകളിൽ നിന്നും വ്യക്തവും വിശദവുമായ അപേക്ഷ ക്ഷണിച്ചു. സന്നദ്ധസംഘടനയുടെ പ്രവർത്തന റിപ്പോർട്ട് സഹിതം അപേക്ഷ ജൂലൈ 15 നകം കോഴിക്കോട് ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0495-2371911.

## കുടുംബശ്രീ - സ്കിൽ ഡേ ആഘോഷിച്ചു

കുടുംബശ്രീ ഡി.ഡി.യു - ജി.കെ.വൈ പദ്ധതിയുടെ ഭാഗമായി വേൾഡ് സ്കിൽ ഡേ ആഘോഷിച്ചു. ന്യൂ നളന്ദ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് ബാബു പറശ്ശേരി ഉദ്ഘാടനം ചെയ്തു.

കുടുംബശ്രീ ജില്ലാമിഷൻ അസി. കോ ഓർഡിനേറ്റർ ടി. ഗിരീഷ് കുമാർ അധ്യക്ഷത വഹിച്ചു. ഡി.ഡി.യു - ജി.കെ.വൈ സ്റ്റേറ്റ് പ്രോഗ്രാം മാനേജർ എൻ.പി. ഷിബു പദ്ധതി വിശദീകരിച്ചു. കുടുംബശ്രീ ജില്ലാമിഷൻ അസി. കോ ഓർഡിനേറ്റർ നാസർബാബു. ടി ആശംസ അർപ്പിച്ചു. ഡി.ഡി.യു - ജി.കെ.വൈ ബ്ലോക്ക് കോ ഓർഡിനേറ്റർ പി.സി. ഷൈനു സ്വാഗതം പറഞ്ഞു. ഡി.ഡി.യു - ജി.കെ.വൈ പദ്ധതി പ്രകാരം ജോലി ലഭിച്ചവ രുടെ സംഗമവും അനുഭവം പങ്കുവെക്കലും നടന്നു. തുടർന്ന് സി.ഡി.എസ് ചെയർപേ ഴ്സൺമാർക്ക് മേഖല ശാസ്ത്ര കേന്ദ്രം & പ്ലാനറ്റേറിയം, ഇന്ത്യൻ ഓയിൽ കോർപ്പറേ ഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഗൃഹോപകരണങ്ങളുടെ സുരക്ഷിത ഉപ യോഗം മൈനർ സർവ്വീസിംഗ് എന്നീ മേഖലകളിൽ പരിശീലനവും നൽകി.

## അപകടകരമായി വാഹനമോടിച്ചാൽ ലൈസൻസ് റദ്ദാക്കും

കേരളത്തിൽ റോഡപകടങ്ങളും അതു വഴിയുള്ള മരണങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കർശന നടപടികൾ കൈകൊള്ളാൻ സുപ്രീം കോടതി റോഡുസുരക്ഷാ കമ്മിറ്റി കേരള ട്രാൻസ്പോർട്ട് കമ്മീഷണറോട് ആവശ്യപ്പെട്ടു. അപകടകരമായ അമിത വേഗത, അമിത ഭാരം, ഭാരവാഹനങ്ങളിൽ യാത്രക്കാരെ കൊണ്ടുപോകൽ, മദ്യപിച്ച് വാഹനമോടിക്കൽ, മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് വാഹനമോടിക്കുക, ട്രാഫിക്ക് സിഗ്നൽ ലംഘിക്കുക തുടങ്ങിയ മാരക കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കൽ നടപടി സ്വീകരിക്കണമെന്നാണ് സുപ്രീം കോടതി റോഡ് സേഫ്റ്റി കമ്മിറ്റിയുടെ കർശന

നിർദ്ദേശം.  നിയമ ലംഘനം ഗൗരവമായി കണ്ടു കനത്ത ശിക്ഷയ്ക്കൊപ്പം ലൈസൻസ് റദ്ദാക്കാനും എല്ലാ ആർ.ടി.ഒ, ജോയിന്റ് ആർ.ടി.ഒ മാർക്കും നിർദ്ദേശം നൽകിയതായി ഉത്തരമേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചു.

അവസാനിച്ചു

.